**കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 755**
16.07.2014-ലെ മറുപടിക്ക്

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനാവലോകനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; | സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ധനകാര്യ സെക്രട്ടറി തലത്തിൽ അവലോകനം നടത്താറുണ്ട്. പ്രതിമാസം നടത്തുന്ന അവലോകന യോഗത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (ബി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ പലതിലും നടപടികൾ ഇല്ലാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുന്ന കേസ്സുകളിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടുകളിന്മേൽ G.O. (P) No. 506/92/Fin. Dated 20.08.1992, G.O. (P) No. 2981/98/Fin. Dated 25.11. 1998. എന്നീ ഉത്തരവുകളുടേയും 56/ FIW-G1/ 08/Fin. Dated 30.08.2008 സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ സമയബന്ധിതമായി തുടർ നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് നിർദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ല. ബന്ധപ്പെട്ട ഭരണ വകുപ്പുകൾ കൃത്യമായി ഈ വ്യവസ്ഥകൾ പ്രകാരം നടപടിയെടുത്താൽ മതിയാകും. |

**സെക്ഷൻ ഓഫീസർ**